**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *84.    27.04.2017 ന് മറുപടിയ്ക്ക്

**വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, വി.ടി.ബൽറാം<br>,, റോജി എം. ജോൺ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹിക-ക്രിയാത്മക ചുവടുവയ്പുകൾ, തീരദേശ-ആദിവാസി മേഖലകളിലും, കോളനികളിലും പ്രത്യേക പ്രവർത്തനങ്ങൾ, സ്കൂൾ/ കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ. |
| (ബി) | ഇതിനായി വിമുക്തി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | ഉണ്ട്. 6.10.2016 ലെ ജി.ഒ.(എം.എസ്)94/16/നി.വ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് വിമുക്തി എന്ന ബോധവത്ക്കരണ പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുളളത്. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായിമാറിയിട്ടുളള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ട് വരിക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ ഇവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ് പ്രധാനമായും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | എത്ര കോടി രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്; ഇതിനകം എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (സി) | 100 കോടി രൂപ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ഘട്ടം ഘട്ടമായുള്ള പ്രവർത്തനത്തിനായി നീക്കി വെച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 5,91,83,056/-രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' കാര്യക്ഷമമായി നടത്തുന്നതിന് ബഹു.മുഖ്യമന്ത്രി ചെയർമാനും, ബഹു. എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായ സംസ്ഥാന ഗവേണിംഗ് |

| | | | |
|---|---|---|---|
| | | | ബോഡിയും, ബഹു.എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും, എക്സൈസ് കമ്മീഷണർ കൺവീനറുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനതലം, വാർഡുതലം ജില്ല/ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ പഞ്ചായത്ത്/ വാർഡു കമ്മിറ്റികൾ രൂപീകരിച്ചു വരുന്നു. കൂടാതെ സ്റ്റേറ്റ് ഭരണതലം, ജില്ലാ ഭരണതലം എന്നീ ഭരണപരമായ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**